# VII. റൂളിംഗ്

## ബഡ്ജററിൽ വകയിരുത്തിയ തുക ചെലവഴിച്ച ശേഷം അധിക ച്ചെലവ് ചെയ്തതു സംബന്ധിച്ച് (29-3-1995-ൽ ശ്രീ. ബേബിജോൺ ഉന്നയിച്ച ക്രമപ്രശ്നത്തിനുള്ള റൂളിംഗ്)

മി. സ്പീക്കർ: ഭവന നിർമ്മാണ വായ്പക്ക് സഭ അനുവദിച്ച തുക ചെലവ് ചെയ്തതിനുശേഷം സഭയുടെ അനുവാദം കൂടാതെ അതേ ഹെഡ്ഡിൽ നിന്ന് 6 കോടിയോളം രൂപ അധികച്ചെലവ് ചെയ്തതിനെപ്പററി കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ ആക്ഷേപം ഉന്നയിക്കുകയുണ്ടായി. ധനവിനിയോഗ ബില്ലുവഴി സഭയുടെ അംഗീകാരം നേടാതെയോ കണ്ടിജൻസി ഫണ്ടിൽ നിന്നും കടമെടുക്കാതെയോ ചെലവു ചെയ്യുന്നത് സാധാരണ നിലയിൽ ഒരു ശരിയായ നടപടിക്രമമല്ല. അത് ഇറഗുലർ ആണെന്ന് 28-ാം തീയതി ശ്രീ. കൃഷ്ണൻകുട്ടി ഈ പ്രശ്നം സഭയിൽ ഉന്നയിച്ചപ്പോൾത്തന്നെ ചെയർ പ്രസ്താവിച്ചിരുന്നു.

മുൻവർഷത്തിൽ ഭവനനിർമ്മാണവായ്പ 20 കോടി രൂപയായിരുന്നുവെന്നും ഈ വർഷം അത് 14 കോടി രൂപയായി കുറച്ചുവെന്നും ഒരു ചോദ്യത്തിന് ഉത്തരം നൽകവെ, ഈ തുക വർദ്ധിപ്പിക്കാമെന്ന് സഭയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി ഉറപ്പു നൽകിയിരുന്നു. ഫെബ്രുവരിയിൽ കൂടുന്ന സമ്മേളനത്തിൽ ഇതനുസരിച്ചുള്ള ഉപധനാഭ്യർത്ഥന പാസ്സാക്കാനായിരുന്നു ഉദ്ദേശമെന്നും അത് സാധിക്കാതെ വന്ന സാഹചര്യത്തിൽ ഈ 28-ാം തീയതി ഉപധനാഭ്യർത്ഥനയുടെ ധനവിനിയോഗബിൽ പാസ്സാക്കിയശേഷം നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാന മൊട്ടാകെയുള്ള ഉദ്യോഗസ്ഥൻമാർക്ക് വായ്പ കൊടുക്കുവാൻ സാധിക്കാതെ വരുമെന്നും മാനുഷിക പരിഗണനകൾകൊണ്ടും ഇൻഎവിററബിൾ പേയ്മെൻറുകൾക്ക് ബഡ്ജററിൽ തുകയില്ലെങ്കിൽപ്പോലും അത് നൽകാമെന്ന വ്യവസ്ഥ അനുസരിച്ചുമാണ് തുക കാലേകൂട്ടി നൽകിയതെന്നും അദ്ദേഹം സഭയിൽ പ്രസ്താവിച്ചു. കൂടാതെ ഉപധനാഭ്യർത്ഥന പാസ്സായതോടുകൂടി പേമെൻറ് റഗുലറൈസ് ചെയ്തുകഴിഞ്ഞുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രതീക്ഷിക്കപ്പെട്ട സമയത്ത് ഉപധനാഭ്യർത്ഥന പാസ്സാകാതെ വരികയും മാനുഷിക പരിഗണന വെച്ച് സംസ്ഥാനമൊട്ടാകെയുള്ള ഉദ്യോഗസ്ഥൻമാർക്ക് വായ്പ ലഭിക്കുവാൻ പര്യാപ്തമായ നടപടി സ്വീകരിക്കേണ്ടതായി വരികയും ചെയ്തപ്പോൾ, പ്രത്യേക സാഹചര്യത്തിൽ സ്വീകരിച്ച നടപടിയെപ്പററിയാണ് ആക്ഷേപമുണ്ടായത്. ജനക്ഷേമകരമായ ഭരണനടപടികൾക്ക് സാങ്കേതികത്വം തടസ്സമായി വന്നാൽ ജനക്ഷേമ നടപടികൾക്ക് മുൻഗണന നൽകണമെന്നാണ് ചെയറിന്റെ അഭിപ്രായം. ചെയർ ഇതിന് മുമ്പും ഇങ്ങനെ റൂളിംഗ് നൽകിയിട്ടുണ്ട്. ആ നിലയിൽ ഇക്കാര്യത്തിൽ ഗവൺമെൻറിനെ കുററപ്പെടുത്താനാവില്ല. എന്നാൽ ഇൻഎവിററബിൾ പേമെൻറിന് ഫിനാൻഷ്യൽ കോഡിൽ നൽകിയിട്ടുള്ള നിർവ്വചനത്തിനുള്ളിൽ വരാത്ത പേയ്മെൻറുകൾ സഭയുടെ അംഗീകാരം ലഭിച്ച തുകയിൽ നിന്നും ചെയ്യുന്നതാണ് എപ്പോഴും അഭികാമ്യം. ആയതിനാൽ മേലിൽ ഭാരിച്ച തുകയുൾക്കൊള്ളുന്ന ചെലവുകളെ സംബന്ധിച്ച് ഇത്തരം നടപടി കഴിയുന്നത്ര ഒഴിവാക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly